പരിഹാരം കൊടുക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട്. ഭാഗികമായി വീടു നശിച്ചവർക്ക് 500 രൂപ വച്ച് കൊടുത്തിട്ടുണ്ട്. വീടില്ലാത്ത ആളുകൾക്ക് വീടുവയ്ക്കുന്നതിന് ആംഷ്ടർനേറ്റ് ലാൻറ് പ്രൊവൈഡ് ചെയ്യുന്നുണ്ട്. അതുപോലെതന്നെ മാറിപ്പാർപ്പിക്കേണ്ടവരെ മാറിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. കാലവർഷംമൂലം ധാരാളം പേർക്ക് കൃഷി നാശം സംഭവിച്ചിട്ടുണ്ട്. വളരെയധികം തെങ്ങുകളും നശിച്ചുപോയിട്ടുണ്ട്. ഇങ്ങനെയുള്ളവർക്ക് നൽകുന്നതിനായി നിവേദനങ്ങൾ ലഭിച്ചുണ്ട്. അതിൽനിന്നും നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാരുടെ വികാരങ്ങളുമായിട്ട് ഗവൺമെൻറ് യോജിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ച് വളരെ ശ്രദ്ധയോടെ ഗവൺമെൻറ് കാര്യങ്ങളും വീക്ഷിക്കുന്നുവെന്ന് മെമ്പർമാർക്ക് ഉറപ്പുതരുവാൻ ആഗ്രഹിക്കുകയാണ്. അടിയന്തിരമായിട്ട് എവിടെയൊക്കെ സഹായങ്ങളും ചെയ്യണമോ, എവിടെയൊക്കെ നിരോധന നടപടികളും വേണമോ അവിടെയെല്ലാം തന്നെ ഗവൺമെൻറ് കഴിയുന്നത്ര ശ്രദ്ധയോടുകൂടി ചെയ്യുന്നതാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട.

## (6) സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. എ.കെ. പത്മനാഭൻ: സർ, നമ്മുടെ സംസ്ഥാനത്തെ സ്വകാര്യസ്കൂളുകളിൽ പ്രവർത്തിക്കുന്ന നിരവധി അദ്ധ്യാപകർക്ക് കഴിഞ്ഞ രണ്ടുമാസമായി ശമ്പളം കിട്ടുന്നില്ല. ഈ വിദ്യാലയങ്ങൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടില്ലാ എന്നതിൻെറ പേരിലാണ് ശമ്പളം തടഞ്ഞു വച്ചിട്ടുള്ളത്. അതിന് അദ്ധ്യാപകർ കുറ്റക്കാരല്ല, അത് മാനേജർമാരാണ് ചെയ്തേണ്ടത്. അതുകൊണ്ട് അടിയന്തിരമായി തടഞ്ഞു വച്ച ശമ്പളം അവർക്ക് നൽകാനുള്ള നടപടി ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, കെ.ഇ. ആറിലെ വ്യവസ്ഥകൾ പൂർത്തിയാക്കാത്ത സ്കൂളുകളിലാണ് ശമ്പള വിതരണം തടഞ്ഞു വച്ചത്. കഴിഞ്ഞ വെക്കേഷൻ കാലത്തെ ശമ്പളവും ജൂൺമാസത്തെ ശമ്പളവും കൊടുക്കാനുള്ള നിർദ്ദേശം ഇതിനകംതന്നെ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (7) കടൽ ക്ഷോഭംമൂലം കാണാതായവർ

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: സർ, തിക്കൊടിയിൽ കടൽ ക്ഷോഭത്തിൻെറ ഫലമായി ഒരാൾ മരിക്കുകയും ഒരു യന്ത്രവൽകൃത മൽസ്യ ബോട്ട് പൂർണ്ണമായും തകരുകയും ചെയ്തിരിക്കുകയാണ്. ഈ ബോട്ട് നഷ്ടപ്പെട്ട ആളുകൾക്ക് പകരമായി ബോട്ടുകൊടുക്കണം. ജീവൻ നഷ്ടപ്പെട്ട കുടുംബത്തിന് അവരുടെ ഭയനീയസ്ഥിതി കണക്കിലെടുത്ത് തക്കതായ നഷ്ടപരിഹാരം ലഭ്യമാക്കണം. ചാലിയത്തുനടന്ന ഒരു സംഭവം ശ്രീ. മൂസ്സക്കുട്ടി ഇവിടെ പറഞ്ഞു. കഴിഞ്ഞകൊല്ലം ഒരു കപ്പൽ അവിടെ തകർന്നിരുന്നു. അവിടെ പ്രത്യേകമായിട്ടുണ്ടാകുന്ന നീർച്ചുഴിയുടെ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. അതു കണക്കിലെടുത്ത് ആ ഭാഗത്ത് പ്രത്യേകം അന്വേഷണം നടത്തിയാൽ ഈ അപകടം മേലിലെങ്കിലും ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കാൻ കഴിയും. അങ്ങനെ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly